(20) ശ്രീ. കെ. രാമചന്ദ്രൻ, കേരള ഫാർമസ്യൂട്ടിക്കൽ മാനുഫാക്ചേഴ്സ് അസോസിയേഷൻ

(21) ശ്രീ. എൻ. നിയതി, സോഷ്യൽ സർവീസ് സെക്ഷൻ, പ്ലാനിംഗ് ബോർഡ്

(22) സൂപ്രണ്ട്, എസ്. എ. ടി. ആശുപത്രി, തിരുവനന്തപുരം.

(സി) ഈ കമ്മിറ്റി സംസ്ഥാനത്തെ ഔഷധ സസ്യങ്ങൾ, ഔഷധങ്ങൾ എന്നിവയെപ്പറ്റി പഠനങ്ങളൊന്നും ഇതുവരെ നടത്തിയിട്ടില്ല.

സർക്കാർ നിയോഗിച്ച കമ്മീഷനുകളും കമ്മിറ്റികളും

10 [3703] *ശ്രീ. സാജു പോൾ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ കമ്മീഷനുകളെയും, കമ്മിറ്റികളെയുമാണ് നിയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷനുകളും കമ്മിറ്റികളും റിപ്പോർട്ട് സമർപ്പണം നടത്തിയിട്ടുണ്ടോ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) മുൻ സർക്കാരുകളുടെ കാലത്ത് നിയോഗിച്ച ഏതെങ്കിലും കമ്മീഷനുകൾ കമ്മിറ്റികൾ ആദിയായവ റിപ്പോർട്ട് സമർപ്പണം നടത്താതെ ഇപ്പോഴും പ്രവർത്തനം തുടരുന്നുണ്ടോ;

(ഡി) യു. ഡി. എഫ്. സർക്കാർ നിയോഗിച്ച വിവിധ കമ്മീഷനുകൾക്കും കമ്മിറ്റികൾക്കും പ്രവർത്തന ചെലവ് ഇനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ട്?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം 1952-ലെ അന്വേഷണക്കമ്മീഷൻ ആക്ട് പ്രകാരം താഴെ പറയുന്ന അന്വേഷണക്കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്.

(a) തിരുവനന്തപുരം, തുമ്പയിൽ 2001 ഡിസംബറിൽ പോലീസ് വെടിവയ്പ്പിനിടയായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. ജി. രാജപ്പൻ ആചാരി കമ്മീഷനെ നിയമിച്ചു.

(b) കോട്ടയം, കുമരകത്ത് 2002 ജൂലൈയിൽ ഉണ്ടായ ബോട്ടപകടത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മീഷനെ നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(c) കൊല്ലം, കുപ്പണയിൽ ഉണ്ടായ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് റ്റി. കെ. ചന്ദ്രശേഖരദാസ് കമ്മീഷനെ നിയമിച്ചു.

(d) 2003 മേയ് മാസത്തിൽ കോഴിക്കോട് മാറാടുണ്ടായ വർഗ്ഗീയ സംഘട്ടനത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ജില്ലാ ജഡ്ജി ശ്രീ. തോമസ് പി. ജോസഫ് കമ്മീഷനെ നിയമിച്ചു.

(e) അടൂർ ഐ. എച്ച്. ആർ. ഡി. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനി രജനി എസ്. ആനന്ദ് ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. സി. ഖാലിദിനെ അന്വേഷണക്കമ്മീഷനായി നിയമിച്ചു.

അന്വേഷണക്കമ്മീഷൻ ആക്ട് പ്രകാരം അല്ലാതെ നിയമിച്ചിട്ടുള്ള കമ്മിഷനുകളേയും കമ്മിറ്റികളേയും സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്. ശ്രീ. രാജപ്പൻ ആചാരി കമ്മീഷനും, ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മീഷനും, ശ്രീ. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷനും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. തുമ്പ വെടിവയ്പിനെക്കുറിച്ച് അന്വേഷിച്ച ശ്രീ. രാജപ്പൻ ആചാരി കമ്മീഷൻ റിപ്പോർട്ട് നടപടി രേഖസഹിതം സഭയിൽ സമർപ്പിക്കുന്നതിനായി 8-12-2004-ൽ നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തു. കുമരകം ബോട്ടപകടത്തെക്കുറിച്ചന്വേഷിച്ച ശ്രീ. ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷൻ റിപ്പോർട്ട് നടപടി രേഖസഹിതം സഭയിൽ സമർപ്പിക്കുന്നതിനായി 21-10-2004-ൽ നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തു. കുപ്പണ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിച്ച ശ്രീ. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ 16-9-2004-ന് അന്തിമറിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) ഇല്ല.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർനടപടി

11 |3704| *ശ്രീ. പി. കെ. കെ. ബാവ:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *കെ. എൻ. എ. ഖാദർ:*
,, *പെർക്കളം അബ്ദുള്ള:*
,, *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സർവ്വീസിൽ ചില സമുദായങ്ങൾക്ക് അർഹിക്കുന്നത്ര നിയമനം കിട്ടിയിട്ടില്ലെന്ന് നരേന്ദ്രൻ കമ്മീഷൻ ചൂണ്ടിക്കാട്ടിയിട്ടുള്ളത്

LIBRARY ARCHIVES Kerala Legislative Assembly